പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3483*** ***14.03.2017 ലെ മറുപടിക്ക്***

## <u>*വിസ നിയന്ത്രണം*</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ : | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) തൊഴിൽ വിസകൾക്ക് അമേരിക്കൻ സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണം കേരളീയരായ ഉദ്യോഗാർത്ഥികളെ എപ്രകാരം ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (എ) നിലവിൽ അമേരിക്കൻ സർക്കാർ തൊഴിൽ വിസയ്ക്ക് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളെപ്പറ്റി ആധികാരികമായ വിവരങ്ങൾ ലഭ്യമല്ല. ഇത് കേരളത്തെ മാത്രമല്ല ദേശീയതലത്തിൽ ബാധിക്കുന്ന വിഷയമാണ്. ഇതുമൂലം തൊഴിൽ നഷ്ടം വരുന്നതിനെ സംബന്ധിച്ച് ഇതുവരെ സംസ്ഥാന സർക്കാർ തലത്തിൽ ഒരു പഠനം നടത്തിയിട്ടില്ല. |
| (ബി) വിസ നിയന്ത്രണം സംസ്ഥാനത്തെ ഐ. റ്റി മേഖലയെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ ? | (ബി) വിസ നിയന്ത്രണത്തെപ്പറ്റിയുള്ള ആധികാരികമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. എന്നിരുന്നാലും തൊഴിൽ വിസകൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തുകയാണെങ്കിൽ ഐ. ടി മേഖലയിൽ അമേരിക്കയിൽ ജോലി തേടുന്നവരുടെ ജോലി സാദ്ധ്യതകളെ കുറച്ചെങ്കിലും ദോഷകരമായി ബാധിച്ചേക്കാനിടയുണ്ട്. |

സെക്ഷൻ ഓഫീസർ.